(ബി) ഏതെല്ലാം രാജ്യങ്ങളിൽ ഏത്രപേർ വീതം ജോലി ചെയ്തുവ രുന്നുണ്ട്;

(സി) പ്രവാസി മലയാളികൾക്ക് പെൻഷനും ക്ഷേമ പദ്ധതികളും നടപ്പിലാക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം ക്ഷേമ പദ്ധതികൾ എന്നത്തേക്ക് നടപ്പിലാ ക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി)എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് കേരള ത്തിൽ നടത്തിയ സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിൽ വിദേശത്ത് 11.41 ലക്ഷം കേരളീയർ ജോലി ചെയ്യുന്നതായി കണക്കാക്കുന്നു. ഇതിൽ ഓരോ രാജ്യത്തെയും കണക്ക് താഴെകൊടുക്കുന്നു:

സൗദി അറേബ്യ	-	4.13 ലക്ഷം
യു.എ.ഇ.	-	4.10 ലക്ഷം
കുവൈറ്റ്	-	0.53 ലക്ഷം
മറ്റ് ഗൾഫ് രാജ്യങ്ങൾ	-	2.10 ലക്ഷം
യു.എസ്.എ.	-	0.17 ലക്ഷം
യു.കെ.	-	0.03 ലക്ഷം
അമേരിക്കൻ ഭൂഖണ്ഡത്തിലെ-		0.11 ലക്ഷം
രാജ്യങ്ങൾ		-
ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ -		0.04 ലക്ഷം
രാജ്യങ്ങൾ		
മറ്റ് ഏഷ്യൻ രാജ്യങ്ങൾ	-	0.14 ലക്ഷം
ആസ്ട്രേലിയൻ രാജ്യങ്ങൾ	-	0.01 ലക്ഷം
മറ്റ് യൂറോപ്യൻ രാജ്യങ്ങൾ	-	0.05 ലക്ഷം

(സി)&(ഡി) പ്രവാസി കേരളീയർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യം പ്രവാസി കേരളീയ ക്ഷേമ ഏജൻസിയുടെ പരിഗണനയിലാണ്. പ്രവാസി നഴ്സുമാർക്കായി ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കു ന്നുണ്ട്. കഴിയുന്നതും വേഗം ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

134 (2447) വിദേശ മലയാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളി സംഘടനകൾ വിദേശ മലയാളി നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവണ്മെന്റിന് നിവേദനങ്ങൾ നൽകിയി ട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടു ള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ആവശ്യങ്ങളിൽ ഏതെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) ഏതെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)മുതൽ(ഡി)വരെ വിവിധ വിദേശ മലയാളി അസോസിയേഷനുകൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പ്രവാസി കേരളീയർക്ക് പെൻഷൻ ഏർപ്പെടുത്തുക, ക്ഷേമനിധി ഏർപ്പെടുത്തുക, തിരികെ വരുന്നവർക്ക് വ്യവസായങ്ങൾ ആരംഭിക്കാൻ സഹായധനം നൽകുക, പുനരധിവാസ പദ്ധതി ആരംഭിക്കുക, അവരുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് സംവരണം ഏർപ്പെടുത്തുക, ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുക, സർക്കാർ ഉദ്യോഗത്തിന് നിയമനം ലഭിച്ചവർക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധിയിൽ ഇളവ് അനുവദിക്കുക, റേഷൻ കാർഡിൽ വിദേശ കേരളീയരുടെ പേര് ഉൾപ്പെടുത്തുക എന്നിവയാണ് വിദേശ മലയാളി സംഘടനകൾ പൊതുവേ ഉന്നയിച്ച ആവശ്യങ്ങൾ. വിദേശ മലയാളികൾക്കായി ഒരു അപകട സുരക്ഷാ ആരോഗ്യ സംരക്ഷണ ഇൻഷ്വറൻസ് പദ്ധതി സർക്കാർ നടപ്പാക്കിക്കഴിഞ്ഞു. സർക്കാർ ഉദ്യോഗത്തിന് നിയമനം ലഭിക്കുന്നവിദേശ കേരളീയർക്ക് ജോലിയിൽ പ്രവേശിക്കാൻ സമയപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. റേഷൻ കാർഡിൽ വിദേശ കേരളീയരുടെ പേര് ഉൾപ്പെടുത്തണമെന്ന നിർദ്ദേശവും സർക്കാർ അംഗീകരിച്ചു. പ്രവാസി കേരളീയർക്ക് പെൻഷൻ പദ്ധതി നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസിവഴി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്. തിരികെ വന്നവരെ പുനരധിവസിപ്പിക്കുക, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക എന്നീ കാര്യങ്ങൾക്കായി എല്ലാ ജില്ലകളിലും പ്രവാസി സംഘങ്ങൾ രൂപീകരിക്കുന്നതിനും ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ മേഖലയുടെ മാറ്റത്തിനനുസൃതമായി അവിടത്തെ കേരളീയരുടെ മാനവശേഷി മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടി നടത്തുന്നതിനും തിരിച്ചെത്തിയവർക്കായി ക്ഷേമനിധി ഏർപ്പെടുത്തുന്നതിനും പദ്ധതികൾ നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫയർ ഏജൻസിയുടെ പരിഗണനയിലുണ്ട്. വിദേശത്തെ കേരളീയ നഴ്സുമാർക്കായി ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം സംസ്ഥാന സർക്കാരും പരിഗണിച്ചുവരുന്നു.

135 (2448) വിദേശ മലയാളി അസോസിയേഷന്റെ നിവേദനം

ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളി അസോസിയേഷൻ ഭാരവാഹികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(സി) എന്തൊക്കെ കാര്യങ്ങളാണ് വിദേശ മലയാളികളുടെ ക്ഷേമത്തിനായി ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly